# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 752 05.06.2018-ൽ മറുപടിക്ക്

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന്റെ പുനരുദ്ധാരണത്തിനായി സമർപ്പിച്ച പാക്കേജിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ; | (എ) | താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് പുനരുദ്ധരിപ്പിക്കുന്നതിനും നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്നതിനുമായി ടി ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് സഹകരണ സംഘം രജിസ്ട്രാർ വിശകലനം ചെയ്യുകയും പുനരുദ്ധാരണ പാക്കേജിലെ വ്യവസ്ഥകളായ കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ശമ്പളമില്ലാതെ ഒരു ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കാം എന്ന നടപടിക്രമവും കൊല്ലം ജില്ലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽ നിന്നും 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ 5 വർഷക്കാലത്തേക്ക് പലിശരഹിത അഡ്വാൻസായി ലഭ്യമാക്കി, അപ്രകാരം അഡ്വാൻസ് ഇനത്തിൽ സ്വരൂപിക്കുന്ന തുക ബാങ്കിലെ നിക്ഷേപകർക്ക് മുൻഗണന ക്രമത്തിൽ പലിശ ഒഴിവാക്കി നൽകുന്ന പാക്കേജ് വ്യവസ്ഥയുടെ നിയമസാധുത സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ചു വരികയാണ്. പുനരുദ്ധാരണ പാക്കേജ് സർക്കാർ അനുമതിക്കായി ലഭ്യമാക്കിയിട്ടില്ല. |
| (ബി) | വായ്പാകുടിശ്ശിക ഇനത്തിൽ നിലവിൽ ബാങ്കിന് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ ; | (ബി) | ബാങ്കിന് അംഗങ്ങളിൽ നിന്നും വായ്പ കുടിശ്ശിക ഇനത്തിൽ മുതലിൽ 1,54,91,218/- രൂപയും, പലിശയിനത്തിൽ 1,40,85,821/- രൂപയും ചേർന്ന് ആകെ 2,95,77,039/- രൂപ തിരികെ ലഭിക്കുവാനുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുടിശ്ശിക സമാഹരണത്തിനായി കൈക്കൊണ്ടുവരുന്ന നിയമനടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | വായ്പ കുടിശ്ശിക തുകകൾ തിരികെ ഈടാക്കുന്നതിനായി നിയമാനുസൃതം 845 ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും, ഇതിൽ 592 എക്സിക്യൂഷൻ കേസുകളിൽ വിധി സമ്പാദിക്കുകയും 122 കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള 470 കേസുകളിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**